സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ശബരിമല

## വാർത്താക്കുറിപ്പ്

### സരസ്വതി കുഞ്ഞുകൃഷ്ണന്റെ നിര്യാണത്തിൽ ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അനുശോചനം രേഖപ്പെടുത്തി

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആദ്യ വനിതാ അംഗമായിരുന്ന ശ്രീമതി. സരസ്വതി കുഞ്ഞുകൃഷ്ണന്റെ നിര്യാണത്തിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ എക്സ്. എം.എൽ.എ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി.

പരേതയോടുള്ള ആദരസൂചകമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ ഓഫീസുകൾക്കും ജനുവരി 4 ബുധനാഴ്ച അവധി പ്രഖ്യാപിച്ചതായി ശ്രീ. പ്രയാർ ഗോപാലർകൃഷ്ണൻ പറഞ്ഞു.

ശ്രീ. ഭാസ്ക്കരൻ നായർ, ശ്രീ. മംഗലത്തുമഠം എന്നീ പ്രമുഖരായ 2 മുൻ ദേവസ്വം ബോർഡ് പ്രസിഡന്റുമാരോടൊപ്പം 2 തവണയായി 10 കൊല്ലം മെമ്പറായി സരസ്വതി കുഞ്ഞുകൃഷ്ണൻ പ്രവർത്തിച്ചതായും പ്രസിഡന്റ് കൂട്ടിച്ചേർത്തു.

മുതിർന്ന കോൺഗ്രസ്സ് നേതാവായിരുന്ന സരസ്വതി കുഞ്ഞുകൃഷ്ണൻ കെ.പി.സി.സി ജനറൽ സെക്രട്ടറിയായും, സംസ്ഥാനത്തെ ആദ്യ വനിതാ ഡി.സി.സി. (കൊല്ലം ജില്ല) പ്രസിഡന്റായും പ്രവർത്തിച്ച് കഴിവ് തെളിയിച്ച വ്യക്തിയാണെന്നും ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അനുസ്മരിച്ചു.

ശ്രീമതി. സരസ്വതി കുഞ്ഞുകൃഷ്ണന്റെ നിര്യാണം രാഷ്ട്രീയ രംഗത്തിനും, പൊതുപ്രവർത്തന മേഖലയിലും തിരുവിതാംകൂർ ദേവസ്വം ബോർഡിനും ഒരു തീരാനഷ്ടമാണെന്നും, പരേതയുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അറിയിച്ചു.

03.01.2017

പബ്ലിക് റിലേഷൻ ഓഫീസർ